# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള 2010 -ലെ പൊതു തിരഞ്ഞെടുപ്പ് - അധിക ജോലി ചെയ്ത ജീവനക്കാർക്ക് മാനവേതനം അനുവദിച്ച് ഉത്തരവാകുന്നു.

=====================================================================

## തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

സ.ഉ.(സാധാ) നം. 630/11/തസ്വഭവ തിരുവനന്തപുരം, തീയതി, 26/02/2011.

=====================================================================

പരാമർശം:- 1) കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 14-12-2010 -ലെ 3542/എഫ്/10/സംതിക നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 17-12-2010 -ലെ ജെ3/24986/10 നമ്പർ കത്ത്.

## ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2010 ഒക്ടോബറിൽ നടന്ന പൊതു തെരഞ്ഞെടുപ്പ് പ്രക്രിയയുമായി ബന്ധപ്പെട്ട് അധിക ജോലികൾ നിർവ്വഹിച്ച സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മാനവേതനം (Honorarium) അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശം (1) പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയും, പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടറും സർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിച്ചു.

2) സർക്കാർ ഈ വിഷയം പരിശോധിച്ചു. പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അധികജോലികൾ നിർവ്വഹിച്ച ഉദ്യോഗസ്ഥർക്ക് താഴെപ്പറയുന്ന പ്രകാരം മാനവേതനം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | തസ്തിക | ഓഫീസിന്റെ പേര് | മാനവേതനം (രൂപയിൽ) |
|---|---|---|---|
| 1 | ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർ | ഗ്രാമ പഞ്ചായത്ത് | 1300 |
| 2 | അസിസ്റ്റന്റ് ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർ | ഗ്രാമ പഞ്ചായത്ത് | 900 |
| 3 | ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർ | കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി | 1500 |
| 4 | അസിസ്റ്റന്റ് ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർ | കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി | 1350 |
| 5 | സെക്രട്ടറി | ജില്ലാ പഞ്ചായത്ത് | 1500 |
| 6 | സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് | ജില്ലാ പഞ്ചായത്ത് | 1250 |
| 7 | അപ്പർ ഡിവിഷൻ ക്ലാർക്ക്/ ലോവർ ഡിവിഷൻ ക്ലാർക്ക് | ജില്ലാ പഞ്ചായത്ത് | 1000 |
| 8 | സെക്രട്ടറി | ബ്ലോക്ക് പഞ്ചായത്ത് | 1500 |
| 9 | ഹെഡ് ക്ലാർക്ക് | ബ്ലോക്ക് പഞ്ചായത്ത് | 1250 |
| 10 | അപ്പർ ഡിവിഷൻ ക്ലാർക്ക്/ ലോവർ ഡിവിഷൻ ക്ലാർക്ക് | ബ്ലോക്ക് പഞ്ചായത്ത് | 1000 |

| | | | |
|---|---|---|---|
| 11 | സെക്രട്ടറി | മുനിസിപ്പൽ കോർപ്പറേഷൻ | 1500 |
| 12 | കോർപ്പറേഷൻ എഞ്ചിനീയർ | മുനിസിപ്പൽ കോർപ്പറേഷൻ | 1250 |
| 13 | സെക്രട്ടറി | മുനിസിപ്പാലിറ്റി | 1500 |
| 14 | മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പാലിറ്റി | 1250 |
| 15 | അപ്പർ ഡിവിഷൻ ക്ലാർക്ക്/ ലോവർ ഡിവിഷൻ ക്ലാർക്ക് | മുനിസിപ്പാലിറ്റി | 1000 |
| 16 | സെക്രട്ടറി | ഗ്രാമ പഞ്ചായത്ത് | 1500 |
| 17 | ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് | ഗ്രാമ പഞ്ചായത്ത് | 1250 |
| 18 | അപ്പർ ഡിവിഷൻ ക്ലാർക്ക്/ ലോവർ ഡിവിഷൻ ക്ലാർക്ക് | ഗ്രാമ പഞ്ചായത്ത് | 1000 |
| 19 | ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ) | ജില്ലാ കളക്ടറേറ്റ് | 1500 |
| 20 | ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക്(ഇലക്ഷൻ വിഭാഗം) | ജില്ലാ കളക്ടറേറ്റ് | 1250 |
| 21 | അപ്പർ ഡിവിഷൻ ക്ലാർക്ക്/ ലോവർ ഡിവിഷൻ ക്ലാർക്ക് (ഇലക്ഷൻ വിഭാഗം) | ജില്ലാ കളക്ടറേറ്റ് | 1000 |

3) മാനവേതനം അനുവദിക്കുന്നത് ഒരു ഓഫീസിൽ നിന്നും പരമാവധി 5 (അഞ്ച്) പേർക്ക് എന്ന കണക്കിൽ പരിമിതപ്പെടുത്തേണ്ടതാണ്. മാനവേതനം അനുവദിക്കുന്നതിനാവശ്യമായ ചിലവ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കാര്യത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ ഫണ്ടിൽ നിന്നും, അല്ലാത്തവരുടെ കാര്യത്തിൽ ജില്ലാ കളക്ടറേറ്റിലെ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. ജമുന,**
**അഡീഷണൽ സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം;
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപരും.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എല്ലാ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
പാങ്ങപ്പാറ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിൻെറ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിലേക്ക്)
ധനകാര്യ വകുപ്പ് (08-02-2011 -ലെ 6131/ഡെവ.1/11/ധന പ്രകാരം)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ